www.malankaralibrary.com

JANUARY 2023 | Vol. 2 | Issue:1

"YOU ARE THE LIGHT OF THE WORLD" (MT 5:14)

# The Light

Catholic Doctrines Simplified

*A Joint Venture of*

**DOCTRINAL COMMISSION AND INTERNET MISSION OF THE SYRO MALABAR CHURCH**



# പ്രാന്തങ്ങളിലെ ക്രിസ്തുസത്യവും സഭയുടെ ഇന്നത്തെ ദൗത്യവും

ഡോ. സന്തോഷ് സെബാസ്റ്റ്യൻ ചെറുവള്ളി

www.malankaralibrary.com



“സുവിശേഷത്തെ കൊടുക്കുവാൻ, സുവിശേഷമായിതീരുവാൻ, മാമ്മോദീസാ സ്വീകരിച്ചവരും ദൈവവിളിക്കനുസൃതമായി ഉത്തരവാദിത്വങ്ങൾ സ്വീകരിച്ചവരും ഇന്നു ചെയ്യേണ്ട ദൈവരാജ്യ ശുശ്രൂഷയും സഭയെ പടുത്തുയർത്തലുമാണ് പ്രാന്തങ്ങളിലേക്ക് ഇറങ്ങിത്തിരിക്കുക, കരുണയുടെ കരങ്ങളും കരുണ നിറഞ്ഞ ഹൃദയങ്ങളും വഴി ഉൾക്കൊള്ളുക, കൂട്ടായ്മകളിൽ കൂട്ടിനിർത്തുക എന്ന പ്രബോധനം.”

Designed and published by
Syro Malabar Church Internet Mission (SMCIM)

Matter prepared by Doctrinal Commission

www.malankaralibrary.com



# പ്രാന്തങ്ങളിലെ ക്രിസ്തുസത്യവും സഭയുടെ ഇന്നത്തെ ദൗത്യവും

പെരിഫെറി എന്ന ഇംഗ്ലീഷ് വാക്കും അതുൾക്കൊള്ളുന്ന പ്രായോഗിക ദൈവശാസ്ത്ര -ക്രിസ്തുസത്യവും സഭാസത്യവുമാണ് നമ്മൾ പ്രാന്തങ്ങൾ എന്നതുകൊണ്ട് അർഥമാക്കുന്നത്. ഈ വസ്തുതയെ, ഇന്നത്തെ കാലഘട്ടത്തിന്റെയും സുവിശേഷവത്ക്കരണത്തിന്റെയും, സഭാദൗത്യത്തിന്റെയും അന്തഃസത്തയായി നമ്മുടെ മനനവും കർമവും അതിനുതകുന്ന തീരുമാനങ്ങളും രൂപപ്പെടുത്തുന്നതിൽ നമ്മെ പ്രേരിപ്പിച്ചത് പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പയുടെ പ്രബോധനങ്ങളും പ്രവർത്തനങ്ങൾ നിറഞ്ഞ ഉദാഹരണങ്ങളുമാണ്. പ്രാന്തങ്ങളിലെ ഈ സുവിശേഷസത്യവും ദൗത്യവും വിമോചന ദൈവശാസ്ത്രത്തിന്റെ കൈവഴിയായി തെറ്റിദ്ധരിക്കരുത്. പെരിഫെറി ഒരു ദൈവശാസ്ത്ര സംഹിതയല്ല, മറിച്ച് ദൈവികപ്രേരണവഴി സുവിശേഷത്തിലെ യേശുവിനെ പ്രാന്തങ്ങളിലും പാർശ്വങ്ങളിലും തിരിച്ചറിയുന്ന ഒരു സഭയും സഭാദൗത്യവുമാണ്.

### പ്രാന്തങ്ങളിലെ ക്രിസ്തു സുവിശേഷത്തിൽ

ക്രിസ്തുസംഭവം ആരംഭിക്കുന്നതുതന്നെ ഒരു ഭൂമിശാസ്ത്രപരമായ പ്രാന്തപ്രദേശത്താണ്. രക്ഷകന്റെ ജനനവാർത്ത അറിയിക്കുവാൻ മുഖ്യദൂതനായ ഗബ്രിയേൽ വരുന്നത് ഗലീലിയിലെ നസ്രത്ത് എന്ന സാമൂഹികവും

www.malankaralibrary.com



സാംസ്കാരികവും മതപരവും രാഷ്ട്രീയവുമായി ഇസ്രായേലി ജനതയുടെ ഇടയിലും റോമാസാമ്രാജ്യത്തിന്റെ അധീന പ്രദേശങ്ങളുടെ ചരിത്രത്തിലും പഴയനിയമഗ്രന്ഥങ്ങളിലും പ്രത്യേകിച്ച് രേഖപ്പെടുത്താത്തതും എടുത്തു പറയത്തക്ക പ്രാധാന്യവും ഇല്ലാത്ത ഒരു പ്രദേശം. ഇതുകൊണ്ടാണ് യഹൂദപാരമ്പര്യവും വിശ്വാസവും നിയമസംഹിതയും അറിയാവുന്ന ഇസ്രായേൽക്കാരനായ നഥാനിയേൽ ഫിലിപ്പിനോട് ചോദിച്ചത്: നസ്രത്തിൽനിന്നും എന്തു നന്മയാണ് വരുന്നത്? (യോഹ 1: 43). എന്നിരുന്നാലും നസ്രത്തിന്റെ പ്രതീകാത്മകമായ ക്രിസ്തുസത്യം നമ്മൾ മറക്കരുത്. 'നസർ' (NZR) എന്ന മൂലരൂപത്തിന്റെ അർത്ഥം 'ശിഖരം' (Branch) എന്നാണ് (ജെറ. 23:5-6, ഏശയ്യാ 11:1, സക്കറിയാ 3:8) രക്ഷകനെക്കുറിച്ചുള്ള പ്രവചനത്തിൽ 'നസർ' ഉപയോഗിച്ചിരിക്കുന്നു. ഡോൺ സ്കോട്ട് സ്മിത്തും ഹാൻ സ്കോട്ടും ഇതിനെപ്പറ്റി പ്രതിപാദിക്കുന്നു.

രക്ഷകനായ കർത്താവിന്റെ ജനനം നടക്കുന്നതും രാജകീയ നഗരത്തിന്റെ പ്രാന്തത്തിലെ കാലിത്തൊഴുത്തിലാണ്. ഭിക്ഷാടനം നടത്തി അന്നം കണ്ടെത്തുന്നവൻപോലും തന്റെ കുഞ്ഞിന് ജന്മം നൽകാൻ ആഗ്രഹിക്കാത്ത ഒരിടം. സ്ഥലവും സൗകര്യങ്ങളും സമ്പത്തും ഉള്ളിടങ്ങളിലെ 'ഇല്ലായ്മ' ആണ് പ്രാന്തത്തിലെ കാലിത്തൊഴുത്ത് എന്ന ശരണസ്ഥാനം. കർത്താവ് തന്റെ ദൈവരാജ്യ സമീപനത്തിന്റെ അടയാളങ്ങളായി കൂടെ നിർത്തുന്നതും ശക്തിപ്പെടുത്തുന്നതും പ്രാന്തങ്ങളിലേക്ക് വലിച്ചെറിയപ്പെട്ടവരെയാണ്. അഗതികളും പാപികളും ആത്മാഭിമാനം നഷ്ടപ്പെട്ടവരുമെല്ലാം.

യോഹന്നാൻ മംദാനയ്ക്ക് മിശിഹായുടെ തിരിച്ചറിയൽ പ്രക്രിയയിൽ വന്ന ആകസ്മികമായ ഇടർച്ചയിലും (മത്താ 11:3-5) തന്റെ ദൗത്യത്തിന്റെ കാതൽ അവതരിപ്പിക്കുമ്പോഴും (ലൂക്കാ 4:18-19) പ്രാന്തങ്ങളിലേക്കാണ് സുവിശേഷത്തിന്റെ കതിരുകൾ പതിക്കുന്നത്.

ഈ പ്രാന്തങ്ങളിലേക്ക് തിരിയുവാനും

www.malankaralibrary.com



പ്രാന്തങ്ങളിൽ മനുഷ്യമഹത്വം എന്ന ദൈവികസത്യം ദർശിക്കുവാൻ കർത്താവു കാണിച്ചുതരുന്നത് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള, പാപിയും നീതിമാനും തമ്മിലുള്ള സംഘർഷത്തിന്റെ പ്രത്യയശാസ്ത്രമോ, അല്ലെങ്കിൽ വിമോചനദൈവശാസ്ത്രത്തിന്റെ വ്യതിചലിക്കുന്ന തീക്ഷ്ണതയോ അല്ല, മറിച്ച് അനുതാപത്തിന്റെയും വിശ്വാസത്തിന്റെയും വഴിയാണ് (മർക്കോ 1:14). അനുതാപം നമ്മെ കരുണ നിറഞ്ഞ സ്വർഗസ്ഥനായ പിതാവിന്റെ മക്കളാണ് നാമെല്ലാവരും എന്ന തിരിച്ചറിവ് തരുമ്പോൾ പരിശുദ്ധാത്മാവിൽ നമ്മൾ സാമൂഹ്യ-മത-രാഷ്ട്രീയ വ്യവസ്ഥിതികളിൽ പ്രാന്തവത്കരിക്കപ്പെട്ട കർത്താവിനെ നമ്മൾ എല്ലാം നഷ്ടപ്പെട്ടവരിൽ കണ്ടെത്തുന്നു. അന്ധനായ ഭിക്ഷാടകന്റെ യാചന സുവിശേഷത്തിലെ സുന്ദരമായ പ്രാർത്ഥനകളിൽ ഒന്നാണ് എന്നത് മറ്റൊരു സത്യം (മർക്കോ 10:47, ലൂക്കാ 18:38).

## ഫ്രാൻസീസ് മാർപാപ്പ

തന്റെ ജീവിതസാഹചര്യങ്ങളും അജപാലനശുശ്രൂഷകളുടെ അനുഭവങ്ങളും വെല്ലുവിളികളും വിശ്വാസത്തിലൂടെ അഭിമുഖീകരിച്ച് സഭയെന്ന കർത്താവിന്റെ മണവാട്ടി പ്രാന്തങ്ങളിലൂടെ സഹയാത്രികയും കരുതലുള്ള അമ്മയുമായിത്തീരണമെന്ന് ഫ്രാൻസീസ് മാർപാപ്പ ഉപദേശിക്കുന്നു. സുവിശേഷത്തെ കൊടുക്കുവാൻ, സുവിശേഷമായി തീരുവാൻ, മാമ്മോദീസാ സ്വീകരിച്ചവരും ദൈവവിളിക്കനുസൃതമായി ഉത്തരവാദിത്വങ്ങൾ സ്വീകരിച്ചവരും ഇന്നു ചെയ്യേണ്ട ദൈവരാജ്യ

www.malankaralibrary.com



ശുശ്രൂഷയും സഭയെ പടുത്തുയർത്തലുമാണ് പ്രാന്തങ്ങളിലേക്ക് ഇറങ്ങിത്തിരിക്കുക -കരുണയുടെ കരങ്ങളും കരുണ നിറഞ്ഞ ഹൃദയങ്ങളും വഴി ഉൾക്കൊള്ളുക, കൂട്ടായ്മകളിൽ കൂട്ടി നിർത്തുക എന്ന പ്രബോധനം.

വചനത്തിലും പാരമ്പര്യത്തിലും ഊന്നി പ്രാന്തങ്ങളുടെ ക്രിസ്തു സത്യത്തെയും സഭാദൗത്യത്തെയുംപറ്റി ഫ്രാൻസീസ് മാർപാപ്പ പറയുമ്പോൾ, പെരിഫറി (പ്രാന്തം) കേവലം സാമൂഹ്യവും, ഭൂമിശാസ്ത്രപരവും മാത്രമല്ല, മറിച്ച് അസ്തിത്വപരവും, അതായത് ജീവിതയാഥാർത്ഥ്യവും കൂടിയാണ്. നിസ്സംഗതയും സ്വാർത്ഥതയും, ഉപയോഗിച്ച് വലിച്ചെറിയുന്ന സംസ്കാരവും, പാപത്തിന്റെ ദുരിതവും ആധ്യാത്മിക അന്ധതയും കാപട്യം നിറഞ്ഞ ഭക്തിയും എല്ലാം ഇടപിരിഞ്ഞു കിടക്കുന്നു. ഈ പ്രാന്തസത്യത്തെ 'എല്ലാവരും സഹോദരങ്ങൾ' എന്നപ്രബോധനരേഖയിൽ എടുത്തു പറയുന്നു (Fratelli Tutti No. 215). ഈ സാഹചര്യത്തിൽ സഭയും അവളുടെ ജീവിതസാക്ഷ്യവും ദൗത്യവും ഈ പ്രാന്തങ്ങളിലെ ദൈവമക്കൾക്ക് കരുണ നിറഞ്ഞ, ഉൾക്കൊള്ളുന്ന, കൂടെ നിർത്തുന്ന, സൗഖ്യപ്പെടുത്തുന്ന അയൽക്കാരൻ ആയിത്തീരുക എന്നതാണ്.

## നമ്മുടെ ഇടയിലെ പ്രാന്തങ്ങളും വിശ്വാസദൗത്യവും

സഭയ്ക്ക് പ്രാന്തങ്ങളുടെ സുവിശേഷത്തിൽനിന്ന് കിട്ടുന്ന തിരിച്ചറിവ് അവളെ വ്യക്തിജീവിതങ്ങളിലേക്കും, കുടുംബങ്ങളിലേക്കും,അയൽപക്കങ്ങളിലേക്കും,സാമൂഹ്യഘടനകളിലേക്കും സഭയുടെ തന്നെ സുവിശേഷത്തിന് നിരക്കാത്തതായ ഘടനാത്മകമായ കുറവുകളിലേക്കും ഇറങ്ങിച്ചെല്ലുവാൻ പ്രേരിപ്പിക്കുന്നു. അനുതാപവും കരുണയും, കൃപയും ഓരോ വിശ്വാസിയെയും സഭയേയും തങ്ങളുടെ ജീവിതസാഹചര്യങ്ങളിൽ മിഷനറി ആക്കുകയും ദൈവരാജ്യത്തിന്റെ നേർസാക്ഷികളാക്കുകയും ചെയ്യുന്നു.

താരതമ്യേന സമ്പന്നരും വിശ്വാസപാരമ്പര്യം പേറുന്നവരും ഈ നൂറ്റാണ്ടിൽ ആഗോള

www.malankaralibrary.com



സഭയ്ക്കും ഭാരതത്തിലും കൂടുതൽ മിഷനറിമാരെ നൽകിയതുമായ സീറോമലബാർ സഭ വൈകാതെ തിരിച്ചറിഞ്ഞ് വിശ്വാസപരിശീലനം മുതൽ സഭയുടെ വിവിധ മേഖലകളിൽ ഈ പ്രത്യേക സുവിശേഷത്തെ കൂടുതൽ കരുതലോടെ ജീവിച്ചും പ്രഘോഷിച്ചും തങ്ങളുടെ ചുറ്റുപാടുകളിൽ മിഷനറി ആയിത്തീരുക എന്ന വെല്ലുവിളി ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ഇതു നമ്മെ മുന്നേറുന്ന സഭ ആക്കിത്തീർക്കുകയും (Church which goes forth) അർത്ഥപൂർണവും അപരന് ആവശ്യമുള്ള സഭയാക്കി നമ്മെ മാറ്റുകയും ചെയ്യും.

വ്യക്തിജീവിതം, കുടുംബം, അയൽപക്കം, പൊതുസമൂഹം, രാഷ്ട്രീയ, സാമ്പത്തികഘടനകൾ ഇത്യാദികളിലെല്ലാം രൂപപ്പെടുന്ന 'പ്രാന്തങ്ങൾ' ദൈവമഹത്വം നിഹനിക്കപ്പെട്ട മനുഷ്യസത്യങ്ങളാണ്; ഇത്തരം പ്രാന്തങ്ങൾ ദൈവമഹത്വത്തിനായി കേഴുന്ന സ്വരത്തിലൂടെ -അതായത്, മനുഷ്യൻ ദൈവത്തിന്റെ ഛായയും സാദൃശ്യവും പേറുന്നു എന്ന വാസ്തവം-ഈജിപ്തിലേക്ക് മോശ ഇറങ്ങിച്ചെന്നതുപോലെ, ചുങ്കക്കാരനിലേക്കും വേശ്യയിലേക്കും കർത്താവ് എത്തപ്പെട്ടതുപോലെ, സഭയെ കർത്താവ് പ്രചോദിപ്പിക്കുന്നു. പ്രാന്തങ്ങളിലേക്കുള്ള ധീരമായ എത്തപ്പെടലുകളും പ്രാന്തങ്ങളെ സഭ ഹൃദയത്തിൽ ചേർത്തുനിർത്തുന്ന കാര്യശൈലിയും തീരുമാനങ്ങളും വീക്ഷണങ്ങളും നമ്മെ പരിശുദ്ധാത്മാവിൽ ജീവിക്കുന്ന സഭയാക്കി മാറ്റുന്നു.

രണ്ടാം വത്തിക്കാൻ സൂനഹദോസ് ആഗ്രഹിച്ച തുറക്കപ്പെടുന്ന സഭാവാതായനങ്ങളും പരിശുദ്ധാത്മാവ് അതുവഴി നൽകുന്ന ശുദ്ധവായുവും ഫ്രാൻസീസ് മാർപാപ്പ ഉദ്ബോധിപ്പിക്കുന്ന പ്രാന്തങ്ങളിലേക്കുള്ള സഭയുടെ ദൗത്യചുവടുകളും നമ്മെ ക്രിസ്തുവിന്റെ ഹൃദയത്തിലേക്കും ക്രിസ്തുവിനെ നൽകുവാനും ക്രിസ്തുവിനാൽ ജ്വലിക്കുന്ന വിശ്വാസത്തിന്റെയും വിശ്വസാഹോദര്യത്തിന്റെയും മിഷനറി സഭ ആക്കി മാറ്റുന്നു.

വിശുദ്ധ മത്തായി അറിയിച്ച സുവിശേഷത്തിലെ അന്തിമവിധിയും (മത്താ 25:31-46) വിശ്വവിഖ്യാത സാഹിത്യകാരൻ ലിയോ ടോൾസ്റ്റോയ് രചിച്ച കഥയിലെ ചെരിപ്പുകുത്തിയും അദ്ദേഹത്തിന്റെ അതിഥികളും പ്രാന്തങ്ങളെ പുൽകി കേന്ദ്രങ്ങളാക്കി മാറ്റുന്ന സുവിശേഷവത്ക്കരണ സഭാദൗത്യം വരച്ചു കാട്ടുന്നു. ഈ ക്രിസ്തുസത്യത്തിന്റെ മാധുര്യവും കൂട്ടായ്മയുമാണ് മാനവരാശി ഉരുവിടേണ്ട 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന മൂലമന്ത്രം.